# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 356** **06.02.2013 ൽ മറുപടിയ്ക്ക്**

## പാരമ്പര്യേതര ഊർജ്ജപദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് കൂടുതൽ പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ രൂപീകരിക്കുന്നതിന് സർക്കാരിന്റെ മുന്നിലുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനം നേരിടുന്ന ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ള പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ ചുവടെ ചേർത്തിട്ടുള്ളതാണ്.<br>1) 1 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള 10000 ഓഫ് ഗ്രിഡ് റൂഫ്ടോപ്പ് പവർ പ്ലാന്റുകൾ കേന്ദ്ര - സംസ്ഥാന സർക്കാരുടെ ധനസഹായത്തോടെ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുക.<br>2) കാറ്റാടിപ്പാടങ്ങൾ വഴി 200MW വൈദ്യുതി പദ്ധതി എൻ.റ്റി.പി.സിയുടെ സഹകരണത്തോടെ നടപ്പിലാക്കുക.<br>3) ഒരു ബൾബിനു പകരം ഒരു സൂര്യറാന്തൽ എന്ന സന്ദേശത്തോടെ സംസ്ഥാനത്ത് 28,000 സൂര്യറാന്തലുകൾ അനെർട്ട് വഴി വിതരണം ചെയ്തു വരുന്നു.<br>4) സ്വകാര്യ സംരംഭകർ വഴി കാറ്റാടിപ്പാടം സ്ഥാപിക്കുന്ന നയപ്രകാരം പാലക്കാട് കഞ്ചിക്കോട് കിൻഫ്ര പാർക്കിൽ 22MW ശേഷിയുള്ള കാറ്റാടി വൈദ്യുതി നിലയം ഇനോക്സ് റിന്യൂവബിൾ ലിമിറ്റഡ്, എന്ന സ്ഥാപനം വഴി നടപ്പാക്കാനുദ്ദേശിക്കുന്നു. |
| (ബി) വീടുകളിൽ സോളാർ പാനൽ ഘടിപ്പിച്ച് ഊർജ്ജം ലഭ്യമാക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ വെളിപ്പെടുത്താമോ; | (ബി) | വീടുകളിൽ സോളാർ പാനൽ ഘടിപ്പിച്ച് ഊർജ്ജം ലഭ്യമാക്കുന്നതിന് അനെർട്ട് വഴി നടപ്പിലാക്കുന്ന സൗരഗൃഹപദ്ധതി വഴി സോളാർ പാനൽ ഘടിപ്പിക്കുന്നതിനുള്ള |

| | | |
|---|---|---|
| | | നടപടിക്രമങ്ങൾ ചുവടെ വിശദീകരിക്കുന്നു.<br>(എ)പദ്ധതിയുടെ ഗുണഭോക്താക്കൾ മുൻകൂട്ടി നിശ്ചിത അപേക്ഷ സമർപ്പിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 500 രൂപ.<br>(ബി) അനെർട്ട് എംപാനൽ ചെയ്ത കമ്പനികൾ വഴിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്.<br>(സി) ഗുണഭോക്താവ്, എംപാനൽ ചെയ്ത ലിസ്റ്റിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പിടുകയും വർക്ക് ഓർഡർ നൽകുകയും വേണം.<br>(ഡി) വർക്ക് ഓർഡർ നൽകി 45 ദിവസത്തിനകം പ്ലാന്റിന്റെ പണി പൂർത്തിയാക്കിയിരിക്കണം.<br>(ഇ) നിശ്ചിത മാനദണ്ഡപ്രകാരമാണോ പണി പൂർത്തിയാക്കിയത് എന്ന് അനെർട്ടിന്റെ മേൽനോട്ടത്തിലുളള ഒരു Technical Committee പരിശോധിച്ചശേഷം അവയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് ഗുണഭോക്താവും കമ്പനിയും സംയുക്തമായി നൽകുന്ന രേഖയുടെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിക്കുന്നതാണ്. |
| (സി) സോളാർ പാനൽ ഘടിപ്പിക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ; | (സി) | ഇപ്പോൾ അനവദിക്കുന്ന ധനസഹായം താഴെ പറയും പ്രകാരമാണ്.<br>കേന്ദ്ര ധനസഹായം - 53,262/- രൂപ<br>സംസ്ഥാന സർക്കാർ സഹായം - 39,000/- രൂപ<br>**ആകെ - 92,262/- രൂപ** |
| (ഡി) ഇതു സംബന്ധിച്ച് പൊതുജനങ്ങൾ ഏത് ഏജൻസിയെയാണ് ബന്ധപ്പെടേണ്ടതെന്ന് വിശദമാക്കുമോ ? | (ഡി) | ഇതു സംബന്ധിച്ച് വിശദവിവരങ്ങൾക്ക് അനെർട്ടിന്റെ തിരുവനന്തപുരത്തുളള കേന്ദ്ര കാര്യാലയവുമായും ഓരോ ജില്ലയിലുമുള്ള ജില്ലാ കാര്യാലയങ്ങളുമായും ബന്ധപ്പെടേണ്ടതാണ്. |

(signature)

സെക്ഷൻഓഫീസർ